# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1860 — 15.07.2016-ൽ മറുപടിയ്ക്ക്

## ഒന്നിൽ കൂടുതൽ ഭാഷകളും സംസ്കാരങ്ങളുമുള്ള പ്രദേശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്: | | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവും പാർലമെന്ററികാര്യവും**<br>**വകുപ്പ് മന്ത്രി** | |
| (എ) | കേരളത്തിൽ ഒന്നിൽ കൂടുതൽ ഭാഷകൾ സംസാരിക്കുന്ന പ്രദേശങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതെല്ലാം ഭാഷകളാണെന്ന് പ്രദേശങ്ങൾ വേർതിരിച്ച് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കാസർഗോഡ് ജില്ലയിൽ കന്നഡ, തുളു, ബ്യാരി ഭാഷ സംസാരിയ്ക്കുന്നവരും പാലക്കാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ തമിഴ് സംസാരിയ്ക്കുന്നവരും എറണാകുളം ജില്ലയിൽ ഗുജറാത്തിയും കൊങ്കണിയും ഭാഷ സംസാരിയ്ക്കുന്ന ആളുകളും താമസിച്ച് വരുന്നുണ്ട്. ഈ പ്രദേശങ്ങളിൽ ഈ ഭാഷാ മാധ്യമ വിദ്യാലയങ്ങളും പ്രവർത്തിയ്ക്കുന്നുണ്ട്. |
| (ബി) | ഒന്നിൽ കൂടുതൽ ഭാഷകളും സംസ്കാരങ്ങളും കൊണ്ട് സമ്പന്നമായ പ്രദേശങ്ങളുടെ സാംസ്കാരിക പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ കാലങ്ങളിലെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | (ബി) | കാസർഗോഡ് കേന്ദ്രമാക്കി 2007-ൽ തുളു സാഹിത്യ അക്കാദമിയും എറണാകുളം ആസ്ഥാനമായി 2012 ൽ കൊങ്കണി സാഹിത്യ അക്കാദമിയും ആരംഭിച്ചിട്ടുണ്ട്. കൊങ്കണി ഭാഷയിലെ സാഹിത്യവും കലകളും പ്രോത്സാഹിപ്പിയ്ക്കുന്നതിനായി കവി സമ്മേളനങ്ങൾ, സെമിനാറുകൾ, നാടോടി കലാ പ്രദർശനങ്ങൾ, പുസ്തക പ്രസിദ്ധീകരണം, സിനിമ പ്രോത്സാഹനം എന്നീ പദ്ധതികൾ കൊങ്കണി സാഹിത്യ അക്കാദമി നടപ്പിലാക്കിയിട്ടുണ്ട്. തമിഴിൽ നിന്നുള്ള പരിഭാഷകളും തെരഞ്ഞെടുത്ത കൊങ്കണി കഥകളും കേരള സാഹിത്യ അക്കാദമിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് ഭാഷകളിൽ നിന്നുള്ള മികച്ച വിവർത്തന ഗ്രന്ഥങ്ങൾക്ക് വർഷം തോറും കേരള സാഹിത്യ അക്കാദമി പുരസ്കാരം നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**